പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5459

27-03-2018 ൽ മറുപടിക്ക്

**ട്രാക്ടർ വാങ്ങുന്നതിന് കർഷകർക്ക് നൽകുന്ന സഹായങ്ങൾ**

ചോദ്യം

**ശ്രീ. രാജു. എബ്രഹാം**

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി ട്രാക്ടർ, ട്രില്ലർ, പമ്പ്സെറ്റ് എന്നിവ വാങ്ങുന്നതിന് കർഷകർക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ട്രാക്ടർ, ട്രില്ലർ, സോളാർ പമ്പ്സെറ്റ് എന്നിവ വാങ്ങുന്നതിന് SMAM (Sub Mission on Agriculture Mechanization) പദ്ധതി വഴി സഹായം നൽകി വരുന്നു . |
| (ബി) | ഇവ കർഷകർക്ക് ലഭ്യമാക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കാമോ? | (ബി) | SMAM പദ്ധതി പ്രകാരം ചെറുകിട നാമമാത്ര കർഷകർക്കും സ്ത്രീകൾക്കും എസ്.സി, എസ്.ടിക്കാർക്കും കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് 35% മുതൽ 50% വരെ നിജപ്പെടുത്തിയിട്ടുള്ള നിരക്കിലും മറ്റുള്ളവർക്ക് 25% മുതൽ 40% വരെ നിജപ്പെടുത്തിയിട്ടുള്ള നിരക്കിലും സാമ്പത്തിക സഹായം നൽകി വരുന്നു. കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാടകയ്ക്ക് കൊടുക്കുന്നതിലേക്കായി ഫാം മെഷിനറി ബാങ്ക് സ്ഥാപിക്കുന്നതിനായി സംരംഭകർ, കർഷകർ, കർഷകരുടെ സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്ക് 40% നിരക്കിൽ സബ്സിഡി നൽകി വരുന്നു. യന്ത്രവൽക്കരണം കുറഞ്ഞ പ്രദേശങ്ങളിൽ ഫാം മെഷിനറി ബാങ്ക് സ്ഥാപിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 8 കർഷകരെങ്കിലുമുള്ള സ്വയം സഹായ സംഘങ്ങൾ, കർഷകരുടെ സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ തുടങ്ങിയവയ്ക്ക് 80% നിരക്കിൽ സബ്സിഡി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ